"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2014-15 സാമ്പത്തിക വർഷം പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ്/എക്സ്ഗ്രേഷ്യാ അനുവദിച്ച് നൽകിയ കമ്പനി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.23/2023/ID തീയതി,തിരുവനന്തപുരം, 25-03-2023

---

പരാമർശം:-

1. 6/8/2015-ലെ സ.ഉ.(കൈ) നം. No.107/15/തൊഴിൽ ഉത്തരവ്
2. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്-ന്റെ മാനേജിംഗ് ഡയറക്ടറുടെ 13/6/2017-ലെ PL/A/GOVT/PCMA/2015-17 നം. കത്ത്
3. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്-ന്റെ മാനേജിംഗ് ഡയറക്ടറുടെ 15/7/2021-ലെ TTPL/AC/Govt/20/2021-22 നം. കത്ത്
4. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്-ന്റെ മാനേജിംഗ് ഡയറക്ടറുടെ 15/9/2022-ലെ PL/A/GOVT/PCMA/2015 നം. കത്ത്

**ഉത്തരവ്**

പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2014-15 സാമ്പത്തിക വർഷം ബോണസ് നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു.

2) 24/08/2015 ന് ബഹു. വ്യവസായവും ഐ.ടിയും വകുപ്പ് മന്ത്രിയുടെയും ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2014-15 വർഷം പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ് /എക്സ്ഗ്രേഷ്യായായി 20,000/- രൂപ നൽകുവാൻ തീരുമാനിച്ചിരുന്നു. 16/09/2015 ന് ചേർന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് യോഗം കമ്പനി ജീവനക്കാർക്ക് 2014-15 സാമ്പത്തിക വർഷം ഓണത്തോടനുബന്ധിച്ച് പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ്/എക്സ്ഗ്രേഷ്യാ ആയി 20,000/- രൂപ വീതം നൽകിയ കമ്പനി മാനേജ് മെന്റിന്റെ നടപടി സാധൂകരിക്കുവാൻ തീരുമാനിച്ചതായും ടി ഇനത്തിൽ കമ്പനിക്കുണ്ടായ മൊത്തം സാമ്പത്തിക ബാധ്യത ₹ 141.78 ലക്ഷം രൂപയാണെന്നും ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (2), (3), (4) കത്തുകൾ പ്രകാരം റിപ്പോർട്ട് ചെയ്തു. 2014-15 സാമ്പത്തിക വർഷം കമ്പനി ജീവനക്കാർക്ക് പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ് / എക്സ്ഗ്രേഷ്യാ ആയി 20000/- രൂപ വീതം വിതരണം ചെയ്ത നടപടി സാധൂകരിക്കണമെന്ന് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 2014-15 സാമ്പത്തിക

വർഷത്തിൽ ഓണത്തോടനുബന്ധിച്ച് ട്രാവൻകൂർ  ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റിലെ അർഹരായ ജീവനക്കാർക്ക് 20000/- രൂപ (ഇരുപതിനായിരം രൂപ വീതം) പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ് / എക്സ്ഗ്രേഷ്യാ അനുവദിച്ച് നൽകിയ കമ്പനി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&.ആർ.എസ്.എ/ജി.& എസ്.എസ്.എ), കേരളം, തിരുവനന്തപുരം.
തൊഴിലും നൈപുണ്യവും വകുപ്പ് (10.11.2022 ലെ LBRD-D1/238/2021-LBRD നം. അഭിപ്രായം  പ്രകാരം)

ധനകാര്യ വകുപ്പ് (25.01.2023 ലെ PU-D1/130/2022/Fin നം. അഭിപ്രായം  പ്രകാരം)

പൊതുഭരണ (എസ്.സി. ) വകുപ്പ് (............. ലെ ഇനം. നം.................... പ്രകാരം)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
AJITHKUMAR A
Date: 25-03-2023 15:13:13

സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-03-2023

ഫയൽ നം. എച്ച്3/191/2021-വ്യവ ഇനം നം: 1443

വിഷയം : വ്യവസായ വകുപ്പ് - ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് ജീവനക്കാർക്ക് 2014-15 വർഷത്തിൽ പെർഫോർമൻസ് കം മോട്ടിവേഷൻ അലവൻസ്/എക്സ്ഗ്രേഷ്യ അനുവദിച്ച് നൽകിയ കമ്പനി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

24/3/23

31

## കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : എച്ച്3/191/2021/വ്യവ |
| 2 | വകുപ്പ് | : വ്യവസായ (എച്ച്) വകുപ്പ് |
| 3 | വിഷയം | : വ്യവസായ വകുപ്പ് - ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് ജീവനക്കാർക്ക് 2014-15 വർഷത്തിൽ പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ്/എക്സ്ഗ്രേഷ്യാ അനുവദിച്ച് നൽകിയ കമ്പനി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 08/03/2023 note ±77 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : അതെ,<br>: ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ, | : ഉണ്ട്, തൊഴിൽ വകുപ്പ് |
| 7 | കരട് കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി. എം.എ. റജീന ബീഗം |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : 20.03.2023 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.വി.പി.ജോയ്. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2014-15 സാമ്പത്തിക വർഷം ഓണത്തോടനുബന്ധിച്ച് പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ് /എക്സ്ഗ്രേഷ്യാ അനുവദിച്ച് നൽകിയ കമ്പനി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കണമെന്നാവശ്യപ്പെട്ട് കമ്പനി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സംബന്ധിച്ചിട്ടുള്ളതാണ് ഈ കുറിപ്പ്.

2) 06/08/2015-ലെ സ.ഉ.(കൈ)നം.107/2015/തൊഴിൽ നം. ഉത്തരവ് പ്രകാരം 2014-15 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബോണസ്സ് നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. 24/08/2015 ന് ബഹു. വ്യവസായവും ഐ.ടിയും വകുപ്പ് മന്ത്രിയുടെയും ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ സർവ്വീസ് കാലയളവ് / ശമ്പളമില്ലാത്ത അവധി എന്നിവയുടെ അനുപാതത്തിൽ കുറയ്ക്കും എന്ന വ്യവസ്ഥയിൽ 2014-15 വർഷം പെർഫോമൻസ് കം മോട്ടിവേഷൻ അലവൻസ് /എക്സ്ഗ്രേഷ്യായായി 20,000/- രൂപ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു. ഇതിനുള്ള മൊത്തം സാമ്പത്തിക ബാധ്യത ₹ 141.78 ലക്ഷം രൂപയാണെന്ന് ടി.ടി.പി.എൽ-ന്റെ മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) 16/09/2015 ന് ചേർന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് യോഗം കമ്പനി ജീവനക്കാർക്ക് 2014-15 സാമ്പത്തിക വർഷം ഓണത്തോടനുബന്ധിച്ച് പെർഫോമൻസ്-കം-മോട്ടിവേഷൻ അലവൻസ്/എക്സ്ഗ്രേഷ്യാ ആയി 20,000/- രൂപ നൽകിയ കമ്പനി മാനേജ്മെന്റിന്റെ നടപടി സാധൂകരിക്കുവാൻ തീരുമാനിക്കുകയുണ്ടായി.

4) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2014-15 വർഷം പെർഫോമൻസ്-കം-മോട്ടിവേഷൻ അലവൻസ് /എക്സ്ഗ്രേഷ്യാ ആയി 20,000/- രൂപ വീതം വിതരണം ചെയ്ത നടപടി സാധൂകരിക്കണമെന്ന് കമ്പനി മാനേജിംഗ് ഡയറക്ടർ

സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി

5) ഇത് സംബന്ധിച്ച് തൊഴിൽ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി:-

p19cf "If the bonus and other benefits are paid contrary to the guidelines in G.O (P) No. 107/2015/LBR dated 06.08.2015, issued by Labour Department, the Department will not agree to the said action"

6)ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി:-

Note #44nf "Administrative Department is requested to get the remarks of Labour Department to the reply dated 15.09.2022 from TTPL and to approach F D, only if required."

7) ധനകാര്യ വകുപ്പിന്റെ അഭിപ്രായം പ്രകാരം ഫയൽ തൊഴിൽ വകുപ്പിലേയ്ക്ക് Note # 56nf പുനഃസമർപ്പിച്ചപ്പോൾ, തൊഴിൽ വകുപ്പ് ചുവടെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി:-

"It is informed that the Labour Department stick on earlier stand."

8) ഇത് സംബന്ധിച്ച് ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് പുനർസമർപ്പിച്ചപ്പോൾ, ചുവടെ പറയുന്ന അഭിപ്രായം ടി വകുപ്പ് രേഖപ്പെടുത്തുകയുണ്ടായി:-

Note #69nf "'Finance' endorses the remarks offered by Labour Dept on the subject."

9) 06/08/2015-ലെ സ.ഉ.(കൈ) നം.107/2015/തൊഴിൽ നം. ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ലാതെയാണ് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2014-15 വർഷത്തിൽ പെർഫോമൻസ്-കം-മോട്ടിവേഷൻ അലവൻസ് /എക്സ്ഗ്രേഷ്യാ കമ്പനി മാനേജിംഗ് ഡയറക്ടർ വിതരണം ചെയ്തത്. ആകയാൽ ഈ നടപടി സാധൂകരിക്കേണ്ടതായിട്ടുണ്ട്.

10) ഫയൽ ഉത്തരവിനായി ബഹു വ്യവസായ വകുപ്പ് മന്ത്രി മുഖേന ബഹു. Note #73nf മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

37

## തീരുമാനിക്കേണ്ട വിഷയം

ടി.ടി.പി.എൽ-ലെ ജീവനക്കാർക്ക് 2014-15 സാമ്പത്തിക വർഷം ഓണത്തോടനുബന്ധിച്ച് പെർഫോമൻസ്-കം-മോട്ടിവേഷൻ അലവൻസ്/എക്സ്ഗ്രേഷ്യാ ആയി 20,000/- രൂപ വീതം അനുവദിച്ച് നൽകിയ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ നടപടി തൊഴിലും നൈപുണ്യവും വകുപ്പിന്റേയും ധനകാര്യ വകുപ്പിന്റേയും അഭിപ്രായം മറികടന്നുകൊണ്ട് സാധൂകരിക്കാമോ?

18/3/23

18/3/23

18/3/23

18/3/23

20/3/23

21/3